**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - OA[EKM] 1730/2024 കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 16.06.2025 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.2383/2025/LSGD തീയതി,തിരുവനന്തപുരം, 29-09-2025

---

പരാമർശം:-

1. 14.03.2024-ലെ പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/6795/2023-DEB1 നമ്പർ ഉത്തരവ്
2. OA[EKM] 1730/2024 കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16.06.2025 തീയതി ഉത്തരവ്
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 11.08.2025 ലെ LSGD/PD/7835/2025-LL2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.12.2024 ലെ LSGD/PD/46015/2023-DEB1 നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സ്ഥലംമാറ്റ ഉത്തരവിലെ ശ്രീ.രജനീകാന്ത്.എം, ശ്രീ.വേണുഗോപാൽ.ആർ എന്നിവരുടെ സ്ഥലം മാറ്റം റദ്ദ് ചെയ്തും, ശ്രീ.രജനീകാന്ത്.എം നെ കൊച്ചി കോർപ്പറേഷനിലേക്ക് തിരികെ നിയമിക്കുന്നതിന് 1, 2 എതിർകക്ഷികൾക്ക് നിർദേശം നൽകിയും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ശ്രീ.രജനീകാന്ത് ഫയൽ ചെയ്ത OA[EKM] 1730/2024 നമ്പർ ഹർജിയിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പ് ( LID&EW) -ലെ ഹെഡ് ക്ലർക്കായി എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ജോലി ചെയ്തിരുന്ന ശ്രീ.രജനീകാന്ത്.എം-ന് പരാമർശം 1 ഉത്തരവ് പ്രകാരം അസിസ്റ്റന്റ് സെക്രട്ടറിയായി സ്ഥനക്കയറ്റം നൽകി മലപ്പുറം തിരുനാവായ ഗ്രാമപഞ്ചായത്തിൽ നിയമിച്ചിരുന്നു. പ്രസ്തുത നിയമന ഉത്തരവിൽ തന്നെ, **"ടിയാളുകളുടെ ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ/ ഓഫീസുകളിലെ നിയമനം 2024-ലെ പൊതുസ്ഥലംമാറ്റത്തിൽ അർഹരായ ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകുന്നതിലേയ്ക്കായി പുന:പരിശോധിക്കുന്നതാണ്. 2024-ലെ പൊതു സ്ഥലംമാറ്റത്തിന്റെ ഭാഗമായി മറ്റൊരു സ്റ്റേഷനിലേയ്ക്ക് ടിയാളുകളെ സ്ഥലംമാറ്റേണ്ടുന്നതായി കാണുന്ന പക്ഷം നിലവിലെ സ്റ്റേഷനിൽ തുടരുന്നതിന് ടി ജീവനക്കാർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. സ്ഥലംമാറ്റപ്പെടുന്ന ജീവനക്കാരുടെ അതേ സ്റ്റേഷനിൽ തുടരുന്നതിനുള്ള അപേക്ഷകളും അവകാശ വാദങ്ങളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല**". എന്ന് വ്യക്തമാക്കിയിരുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.08.2024 ലെ LSGD/PD/6478/2024-DED1 Part (1) നമ്പർ ആയുള്ള 2024 ലെ പൊതു സ്ഥലം മാറ്റ ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ തിരുനാവായ ഗ്രാമപഞ്ചായത്തിൽ നിന്നും കൊച്ചി കോർപ്പറേഷനിലേക്ക് സ്ഥലം മാറ്റം ലഭിച്ച് 02.09.2024 ന് കൊച്ചി കോർപ്പറേഷനിൽ സേവനത്തിൽ പ്രവേശിച്ച ജൂനിയർ സൂപ്രണ്ട്

ശ്രീ.എം.രജനീകാന്ത്-നെ മൂന്ന് മാസത്തിനുള്ളിൽ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലേക്ക് സ്ഥലം മാറ്റിയതിനെതിരെയാണ് ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഹർജി ഫയൽ ചെയ്തിരുന്നത്.

2024 ലെ പൊതു സ്ഥലം മാറ്റത്തിന്റെ എറണാകുളം ജില്ലയിലേക്കുള്ള ഔട്ട്സ്റ്റേഷൻ സീനിയോരിറ്റി ലിസ്റ്റിൽ 23 ആയിട്ടുള്ള ശ്രീ.വേണുഗോപാൽ.ആർ (പെൻ:G54580) കൊച്ചി കോർപ്പറേഷൻ ആണ് ഒന്നാമത്തെ ഓപ്ഷനായി നൽകിയിരുന്നത്. പക്ഷേ ടിയാന് സ്ഥലം മാറ്റം ലഭിക്കാതിരുന്നതിനെ തുടർന്ന് ശ്രീ.വേണുഗോപാൽ ആർ ജനറൽ ട്രാൻസ്ഫർ സോഫ്റ്റ്വെയറിൽ അപ്പീൽ നൽകിയിരുന്നു. മലപ്പുറം ജില്ലയിലെ തിരുനാവായ ഗ്രാമപഞ്ചായത്തിൽ ജൂനിയർ കമ്പൽസറിയായി നിയമിച്ചിരുന്ന ശ്രീ.എം.രജനീകാന്തിന് തന്നെ മറികടന്ന് കൊച്ചി കോർപ്പറേഷനിൽ സ്ഥലംമാറ്റം നൽകിയിട്ടുള്ളതായും, ഫൈനൽ ക്യൂ ലിസ്റ്റിൽ കൊച്ചി കോർപ്പറേഷൻ ഓപ്ഷനായി നൽകിയിട്ടുള്ള ശ്രീ.വേണുഗോപാൽ.ആർ ന് മുൻപുള്ള എല്ലാ ജീവനക്കാർക്കും അവരവരുടെ ഓപ്ഷന് അനുസൃതമായി സ്ഥലംമാറ്റം ലഭിച്ചിട്ടുള്ളതുമായ സാഹചര്യത്തിൽ തനിക്ക് കൊച്ചി കോർപ്പറേഷനിലേക്ക് സ്ഥലം മാറ്റം അനുവദിക്കണമെന്നുമാണ് ശ്രീ.വേണുഗോപാൽ അപ്പീലിൽ ആവശ്യപ്പെട്ടിരുന്നത്. അടുത്തതായി കൊച്ചി കോർപ്പറേഷനിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അർഹൻ ശ്രീ.വേണുഗോപാൽ.ആർ എന്നിരിക്കെയാണ് ജൂനിയർ കമ്പൽസറി ആയ ശ്രീ.എം.രജനീകാന്തിന് ശ്രീ.വേണുഗോപാൽ നെ മറികടന്ന് കൊച്ചി കോർപ്പറേഷനിൽ സ്ഥലംമാറ്റം ലഭിച്ചിരുന്നത്. ഇത് സോഫ്റ്റ്വെയറിൽ ഉണ്ടായ അപാകത കാരണം ആണെന്നതിനാൽ ശ്രീ.വേണുഗോപാൽ ആർ-ന് കൊച്ചി കോർപ്പറേഷനിലേക്ക് സ്ഥലം മാറ്റം നൽകുന്നതിന് അപ്പീൽ കമ്മിറ്റി തീരുമാനമെടുത്തിരുന്നു. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ജൂനിയർ ആയഎം.രജനീകാന്ത്-ന് പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലേക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.12.2024 ലെ LSGD/PD/46015/2023-DEB1 നമ്പർ ഉത്തരവ് പ്രകാരം സ്ഥലം മാറ്റം നൽകിയത്.

**പൊതുസ്ഥലംമാറ്റത്തിന്റെ അപ്പീൽ അധികാരി എന്ന നിലയിൽ, ബഹു. ട്രിബ്യൂണലിന്റെ 16.06.2025-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പുന:പരിശോധിച്ചു.** ലഭ്യമായ രേഖകളും മാർഗ്ഗനിർദ്ദേശങ്ങളും സൂക്ഷ്മമായി പരിശോധിച്ചപ്പോൾ, ശ്രീ. എം. രജനീകാന്ത് 2024-ലെ പൊതുസ്ഥലംമാറ്റത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ മുൻഗണനയ്ക്കായി അവകാശവാദം ഉന്നയിച്ചിരുന്നില്ലെന്ന് കാണുന്നു. കൂടാതെ അനുകമ്പാർഹമായ മുൻഗണനയ്ക്കായി നൽകിയ അവകാശവാദവും അംഗീകൃത മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് സമർപ്പിച്ചിരുന്നില്ല എന്നും വ്യക്തമായിട്ടുണ്ട്. ഇതിന് പുറമെ, എറണാകുളം ജില്ല ഔട്ട്സ്റ്റേഷൻ സീനിയോറിറ്റി ലിസ്റ്റിൽ 23-ാം സ്ഥാനത്തുള്ള ശ്രീ. വേണുഗോപാൽ.ആർ കൊച്ചി കോർപ്പറേഷനിലേക്ക് സ്ഥലംമാറ്റം ലഭിക്കാൻ അർഹനായിരുന്നുവെന്ന് രേഖകൾ തെളിയിക്കുന്നു. ഫൈനൽ ക്യൂ ലിസ്റ്റ് അനുസരിച്ച് കൊച്ചി കോർപ്പറേഷൻ ഓപ്ഷനായി നൽകിയിരുന്ന അർഹരായ മറ്റെല്ലാ ജീവനക്കാരും അവരുടെ ഓപ്ഷൻ പ്രകാരം നിയമനം നേടിയ സാഹചര്യത്തിൽ, ശ്രീ. വേണുഗോപാൽ.ആർ-നെ മറികടന്ന് ശ്രീ. എം. രജനീകാന്തിന് കൊച്ചി കോർപ്പറേഷനിലേക്ക് സ്ഥലംമാറ്റം അനുവദിക്കാൻ നിയമപരമായ അടിസ്ഥാനമില്ലെന്ന് സർക്കാരിന് ബോധ്യമായിട്ടുണ്ട്. അതിനാൽ , ശ്രീ. എം. രജനീകാന്തിന്റെ അപേക്ഷ സർക്കാർ നിരസിക്കുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 16.06.2025-ലെ വിധിയിൽ, applicant-ന്റെ അപേക്ഷ പൊതുസ്ഥലമാറ്റത്തിന്റെ അപ്പീൽ അധികാരിയായ സർക്കാരിന് പരിഗണിക്കാമെന്ന് വ്യക്തമാക്കിയതിനാൽ, ട്രാൻസ്ഫർ മാർഗ്ഗനിർദ്ദേശങ്ങളിൽ ഏതെങ്കിലും ഒരു പ്രത്യേക വ്യക്തിക്ക് വേണ്ടി ഇളവ് നൽകുന്നതുമൂലമുണ്ടാകാനിടയുള്ള ദൂരവ്യാപക പ്രത്യാഘാതം ഒഴിവാക്കുന്നതിനായി ട്രാൻസ്ഫർ രേഖകളും മാർഗ്ഗനിർദ്ദേശങ്ങളും സൂക്ഷ്മമായി പരിശോധിച്ച ശേഷം കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരാമർശിത വിധി ഇപ്രകാരം

നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

ശ്രീ.രജനീകാന്ത്.എം (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)
അഡ്വക്കേറ്റ് ജനറൽ കേരള, (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi P P
Date: 29-09-2025 17:29:06

സെക്ഷൻ ഓഫീസർ